# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -24 25.04.2017 ൽ മറുപടിയ്ക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.റോജി എം. ജോൺ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ സർക്കാർ നിലവിൽ വന്ന ശേഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ; | (എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി സംസ്ഥാനത്ത് പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. അതിന്റെ ടോൾ ഫ്രീ നമ്പരായ 1515 എന്ന നമ്പരിൽ ബന്ധപ്പെട്ട് സഹായം അഭ്യർത്ഥിക്കാവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി പിങ്ക് പോലീസ് സംവിധാനം വഴി ബസ്സ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയ സ്ഥലങ്ങളിൽ സുരക്ഷ ഒരുക്കുന്നു. പിങ്ക് കൺട്രോൾ റൂമിൽ ഫോൺ മുഖാന്തിരം ലഭിക്കുന്ന പരാതികളിൽ ഉടനടി പോലീസ് സഹായം നൽകുവാൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി. ജനമൈത്രീ സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. ഒരു വനിതാ |

ബറ്റാലിയൻ ആരംഭിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്ത്രീകൾക്കുള്ള സ്വയം രക്ഷാ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കുവേണ്ടി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിലെ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്ത്രീ സ്വയം സുരക്ഷാ പരിശീലന പരിപാടി (Women Self Defence Training Programme). ഇതിനായി കേരളത്തിലെ എല്ലാ വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി കഴിഞ്ഞു. ജില്ലകളിലെ സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയിലൂടെ സ്ത്രീകളെ സ്വയം പരിശീലനത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചു വരുന്നുണ്ട്. ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് വനിതാ പോലീസ് സ്റ്റേഷനുകൾ താലൂക്കടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വനിതാ പോലീസിന്റെ അംഗസംഖ്യ അമ്പതു ശതമാനമായി വർദ്ധിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ വിശദാംശം നൽകുമോ?

(സി) താലൂക്ക് അടിസ്ഥാനത്തിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ ആരംഭിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. ഒരു വനിതാ ഐ.ആർ. ബറ്റാലിയൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം 15%-ത്തിലേയ്ക്ക് ഘട്ടം ഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ വിവിധ തസ്തികകൾ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.